ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി & സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള വിലക്കുകൾ കണക്കിലെടുത്തും മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ഇതുപോലുള്ള കേന്ദ്രങ്ങൾ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നുണ്ട് എന്ന കാരണത്താൽ കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന അപേക്ഷ പരിഗണിക്കുവാൻ നിവർത്തിയില്ലെന്ന് മുൻപ് അറിയിച്ചിരുന്നുവെങ്കിലും ഇക്കാര്യം പുനഃപരിശോധനയിലാണ്.

വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ

103(5784) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിൽ പാസ്സായ വെറ്ററിനറി ഡോക്ടർമാർക്ക് പി.എസ്.സി.-യിൽ നിന്നും നിയമനം ലഭിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെറ്ററിനറി ഡോക്ടർ തസ്തിക ഒഴിവു വരുന്ന മുറയ്ക്ക് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ ; നിലവിൽ എത്ര വേക്കൻസികളാണ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(സി) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മിൽമാ എന്നീ സ്ഥാപനങ്ങളിൽ നിലവിൽ എത്ര വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള വെറ്ററിനറി ഡോക്ടർമാരുടെ സ്ഥിരം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട് ; ഈ വേക്കൻസികളിൽ എത്ര ഡോക്ടർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ;

(ഇ) സർക്കാർ ഉടമസ്ഥതയിലുള്ള ഹൈടെക് ഡയറി ഫാമുകളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട് ;

(എഫ്) വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകണക്കാക്കി പി.എസ്.സി. ക്ക് നല്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവു വരുന്ന തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളും ജനറൽ ലിസ്റ്റിൽനിന്നും പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. സംവരണ തസ്തികയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആളില്ലാത്തതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തുന്നുണ്ട്. കെ.എൽ.ഡി. ബോർഡിൽനിന്ന് 23 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകളിൽ 6 വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളും കെ.എൽ.ഡി. ബോർഡിനു കീഴിൽ 24 ഡോക്ടർ മാരുടെ ഒഴിവുകളും നിലവിലുണ്ട്.

(ഡി) നിലവിൽ 93 വെറ്ററിനറി സർജൻമാരുടെ തസ്തിക ഒഴിവുണ്ട്. ഇതിൽ 30 തസ്തികകൾ നിറുത്തലാക്കിയവയാണ്. അപ്രകാരം മൃഗസംരക്ഷണ വകുപ്പിൽ 63 തസ്തികയും മിൽമയുടെ മേഖലാ യൂണിയനുകളിൽ 6 തസ്തികയും കെ.എൽ.ഡി. ബോർഡിനുകീഴിൽ 24 തസ്തികയും വീതം ഒഴിഞ്ഞു കിടക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 36 സംവരണ തസ്തികയിൽ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എൽ.ഡി. ബോർഡിൽ 24 വെറ്ററിനറി ഡോക്ടർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ഇ) ഹൈടെക് ഡയറി ഫാമുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(എഫ്) കെ.എൽ.ഡി. ബോർഡിനു കീഴിലുള്ള 23 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിയമനം

104 (5785) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 2010 മാർച്ച് 31 വരെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു ; അങ്ങനെ റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ, ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും എത്രപേരെ സ്ഥാനക്കയറ്റം നല്കി ഡി.ഇ.ഒ. മാരായി നിയമിച്ചു ; ഇങ്ങനെയുള്ള നിയമനത്തിന്റെ അനുപാതം എത്രയാണ് ; അതിന്റെ മാനദണ്ഡം എന്താണ് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് സൂപ്പർന്യൂമററി ഒഴിവുകളായി എത്ര യെണ്ണം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തു ; അങ്ങനെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നല്കി ; അവർ ആരൊക്കെയാണ് ; വിശദാംശം അറിയിക്കുമോ ;

(സി) 2011 മാർച്ച് 31-ന് പ്രസ്തുത തസ്തികയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly